## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2882 — 13.03.2020-ൽ മറുപടിക്ക്

## അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | വൻകിട ട്രോളിങ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ കടലിന്റെ അടിത്തട്ടിലെ മത്സ്യകുഞ്ഞുങ്ങളെ കോരി എടുക്കുന്നത് ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പിടിച്ചെടുക്കുന്ന വളർച്ചയെത്താത്ത മത്സ്യക്കുഞ്ഞുങ്ങളെ കോഴിത്തീറ്റക്കും, വളം നിർമ്മാണത്തിനും ഉപയോഗിക്കുന്നുണ്ടെന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. വൻകിട ട്രോളിംഗ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായി പിടിച്ചെടുക്കുന്ന ചെറുമത്സ്യങ്ങളെ വളം, തീറ്റ എന്നിവയുടെ നിർമ്മാണത്തിനായി അതിർത്തി സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ ശക്തമായ ഇടപെടലുകൾ മൂലം ഇത് ഒരു പരിധി വരെ നിയന്ത്രിയ്ക്കാനായിട്ടുണ്ട്. |
| (സി) | അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥാ വ്യതിയാനവും മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുകയും തന്മൂലം തീരദേശ മേഖല വറുതിയിലാവുകയും ചെയ്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br>അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥാവ്യതിയാനവും മത്സ്യ വിഭവ ശോഷണത്തിന് ഹേതുവാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ നേരിട്ട് ബാധിക്കുന്നു. അശാസ്ത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങൾ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നവർക്ക് മറ്റുള്ളവരെക്കാൾ കൂടുതൽ മത്സ്യം ലഭിക്കുന്നു. ഇത് ലാന്റിംഗ് സെന്ററുകളിൽ മത്സ്യത്തിന്റെ വില കുത്തനെ കുറയ്ക്കുന്നതിന് കാരണമാകും. ഇത് പരമ്പരാഗത/ ചെറുകിട മത്സ്യത്തൊഴിലാളികളുടെ വരുമാനക്കുറവിനു കാരണമാകുന്നു. മത്സ്യവിഭവശോഷണം പരമാവധി കുറയ്ക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താൽപര്യം |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിക്കുവാൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 1980 ലെ കേരള കടൽ മത്സ്യ ബന്ധന നിയന്ത്രണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ നിയമഭേദഗതിയെ നടപ്പിലാക്കുന്നതിന് പുതിയ ചട്ടങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെയും കോസ്റ്റൽ പോലീസിന്റെയും സഹായത്തോടെ ഈ നിയമം ശക്തമായി നടപ്പിലാക്കി വരുന്നു. ഇത്തരം നടപടികളുടെ ഫലമായി കടൽമത്സ്യങ്ങളുടെ ഉല്പാദനം 2015 ൽ 4.82 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നത് 2018 ലെത്തിയപ്പോൾ 6.42 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചുവെന്നാണ് CMFRI പഠനം വെളിപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | രാജ്യത്ത് ഏർപ്പെടുത്തിയ രാത്രികാല ട്രോളിങ് നിരോധനം പൂർണ്ണമായും ലംഘിച്ചാണ് പ്രസ്തുത മത്സ്യബന്ധനം എന്നതിനാൽ ഇത് തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ? | (ഡി) | രാത്രികാല ട്രോളിംഗ് തടയാൻ രാത്രി പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. എല്ലാ മറൈൻ ജില്ലകളിലും റസ്ക്യൂ ബോട്ടുകളും ലൈഫ് ഗാർഡുകളെയും സജ്ജമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവരിൽ നിന്നും വർദ്ധിച്ച തോതിൽ ഫൈൻ ഈടാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ